ടൂറിസം വകുപ്പിന് കീഴിലുള്ള വിദേശനിർമ്മിത കാറുകൾ

47 [724] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൻകീഴിൽ എത്ര വിദേശനിർമ്മിത കാറുകളുണ്ടെന്നും അവയുടെ മെയ്ക്കും മോഡലും വെളിപ്പെടുത്താമോ;

(ബി) ഇവയിൽ 25 വർഷത്തിലധികം പഴക്കമുള്ള എത്ര വാഹനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഇവയിൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന എത്ര വാഹനങ്ങൾ ഉണ്ടെന്നും ഉപയോഗയോഗ്യമല്ലാത്തവ എത്രയുണ്ടെന്നും അറിയിക്കാമോ;

(ഡി) ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിലേക്ക് കണ്ടുകെട്ടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6 എണ്ണം. വിശദവിവരം ചുവടെ ചേർക്കുന്നു:

| | രജിസ്റ്റർ നമ്പർ | നിർമ്മാണ കമ്പനി | മോഡൽ |
|---|---|---|---|
| 1. | KRV 7247 | ബ്യൂക്ക് | 1974 |
| 2. | MAR 5502 | ബെൻസ് | 1977 |
| 3. | KEV 3690 | ബെൻസ് | 1980 |
| 4. | MAR 5503 | ബെൻസ് | 1977 |
| 5. | DLZ 729 | ബെൻസ് | 1977 |
| 6. | KL 01-P-1161 | ബെൻസ് | 1998 |

(ബി) 5 എണ്ണം.

(സി) ഉപയോഗയോഗ്യമായവ - 2 എണ്ണം.
ഉപയോഗയോഗ്യമല്ലാത്തവ - 4 എണ്ണം.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ബോട്ടുകളിൽ നിന്നുള്ള വരുമാനം

48 [726] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ പ്രവർത്തിച്ചുവന്ന ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ബോട്ടുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആക്കുളം ടൂറിസം മേഖലയുടെ വികസനം

49 [727] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസം മേഖലയുടെ വികസനത്തിനായി 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാത്തവ അതിവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആക്കുളം-അലത്തറ-എഞ്ചിനീയറിംഗ് കോളേജുവഴി നാഷണൽ ഹൈവേയിലെ ചാവടിമുക്ക് റോഡ് ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1. സംഗീതനൃത്ത ജലധാര.
2. സംഗീതനൃത്ത ജലധാര തിയേറ്റർ.
3. ആക്കുളം കായലിൽ പായൽമാറ്റൽ, ആഴം കൂട്ടൽ.
4. കുട്ടികളുടെ പാർക്കിലെ പഴയ കളിക്കോപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ.
5. ആക്കുളം ബോട്ടുക്ലബ്ബിൽ പുതിയ ബോട്ടുകൾ വാങ്ങൽ.
6. കൃത്രിമ വെള്ളച്ചാട്ടവും ദീപാലങ്കാരവും.
7. കാസ്കേഡിന്റെ നിർമ്മാണം.
8. ആക്കുളം കായലിന്റെ വികസനം.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രോജക്ട് ഇപ്പോൾ പരിഗണനയിലില്ല.

തെന്മല ഇക്കോ ടൂറിസം പദ്ധതികൾ

50 [728] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഇക്കോ ടൂറിസം പദ്ധതിക്ക് കേരളത്തിലെ മറ്റ് ഇക്കോ ടൂറിസം പദ്ധതികളുമായി ബന്ധമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly